**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3149** **01-03-2023 - ൽ മറുപടിയ്ക്ക്**

**ആലുവ ചെങ്ങമനാട് ജംഗ്ഷൻ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അൻവർ സാദത്ത്** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്**<br>**(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | ആലുവ ചെങ്ങമനാട് ജംഗ്ഷൻ സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കണമെന്ന 30.03.2022ലെ നിവേദനത്തിൽ (6072137/2022/MIN(PWD)/ 3035/M(W&T)2022/VIP(W) ) പൊതുമരാമത്ത് നിരത്ത് വിഭാഗം ചീഫ് എഞ്ചിനിയർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; ഈ വിഷയത്തിൽ നടത്തിയ എല്ലാ കത്തിടപാടുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; | (എ) | ആലുവ ചെങ്ങമനാട് ജംഗ്ഷൻ സ്ഥലം ഏറ്റെടുത്ത് വികസിപ്പിക്കണമെന്ന 30.03.2022 -ലെ നിവേദനം നിരത്തുവിഭാഗം ചീഫ് എഞ്ചിനീയറുടെ കാര്യാലയത്തിൽ 20.04.2022 തീയതിയിൽ ലഭിക്കുകയും ആയത് 16.05.2022 തീയതിയിൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ നിരത്ത വിഭാഗം കാര്യാലയം എറണാകുളത്തിന് കീഴെഴുത്തായി നൽകിയിട്ടുള്ളതുമാണ്. ഇൻവെസ്റ്റിഗേഷൻ വിങ്ങിൽ നിന്നും കിട്ടിയ അലൈൻമെന്റ് സ്കെച്ച് ഡിസൈൻ വിങ്ങിനെ ഏൽപ്പിക്കുകയും അവർ കൂടുതലായി ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ വിങ്ങിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | ഈ പദ്ധതി എത്രയും വേഗം യാഥാർത്ഥ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ബി) | നിലവിൽ ബഡ്ജറ്റിൽ ഈ പദ്ധതിയ്ക്ക് തുക ഉൾപ്പെടുത്തിയിട്ടില്ല. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ